**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** **06-10-2021 - ല്‍ മറുപടിയ്ക്ക്**

**മത്സ്യഫെഡിന്റെ ഫിഷ് മാര്‍ട്ടുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അന്‍വര്‍ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളില്‍ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാര്‍ട്ടുകള്‍ എവിടെയെല്ലാമാണ് പ്രവര്‍ത്തിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയില്‍ മത്സ്യഫെഡിന്റെ നേരിട്ട് നിയന്ത്രണമുള്ള ഫിഷ് മാര്‍ട്ടുകള്‍ ഒന്നും തന്നെ പ്രവര്‍ത്തിക്കുന്നില്ല. കോഴിക്കോട് ജില്ലയില്‍ അരയിടത്തുപാലം, തിരുവണ്ണൂര്‍ എന്നിവിടങ്ങളില്‍ മത്സ്യഫെഡ് ഫിഷ് മാര്‍ട്ടുകള്‍ പ്രവര്‍ത്തിക്കുന്നുണ്ട്. |
| (ബി) | മത്സ്യഫെഡിന്റെ ഫിഷ് മാര്‍ട്ടുകള്‍ അനുവദിക്കുന്നതിന് മലപ്പുറം ജില്ലയില്‍ നിന്നും ഇതുവരെ ലഭിച്ച അപേക്ഷകളുടെയും താല്‍പര്യപത്രങ്ങളുടെയും വിശദാംശങ്ങള്‍ ലഭ്യമാക്കാമോ; ഏതെല്ലാം നിയോജകമണ്ഡലങ്ങളില്‍ നിന്നും അപേക്ഷ ലഭിച്ചുവെന്നും അപേക്ഷകളിന്മേല്‍ സ്വീകരിച്ച നടപടികളും അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയില്‍ ചുവടെ പറയുന്ന സഹകരണ ബാങ്ക്/സംഘം എന്നിവിടങ്ങളില്‍ നിന്നും ഫ്രാഞ്ചൈസി മാര്‍ട്ടുകള്‍ ആരംഭിക്കുന്നതിന് അപേക്ഷകള്‍ ലഭ്യമായിട്ടുണ്ട്. 1.കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ്, തേഞ്ഞിപ്പാലം- 27/01/2021-ന് പ്രവര്‍ത്തനം ആരംഭിച്ചു (വള്ളിക്കുന്ന് നിയോജക മണ്ഡലം ) 2.എടപ്പാള്‍ വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി- എടപ്പാള്‍. 27/02/2021-ന് പ്രവര്‍ത്തനം ആരംഭിച്ചു (തവനൂര്‍ നിയോജക മണ്ഡലം ) 3.നവകേരള മള്‍ട്ടി പര്‍പ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ഒതുങ്ങല്‍, 08/03/2021-ന് പ്രവര്‍ത്തനം ആരംഭിച്ചു. (വേങ്ങര നിയോജക മണ്ഡലം) |
| (സി) | മത്സ്യഫെഡിന്റെ ഫിഷ് മാര്‍ട്ടിലേക്കുള്ള വിതരണകേന്ദ്രങ്ങള്‍ കോഴിക്കോട്, മലപ്പുറം ജില്ലകളില്‍ എവിടെയൊക്കെയാണ് പ്രവര്‍ത്തിക്കുന്നതെന്നും നിലമ്പൂര്‍ നഗരത്തിലേയ്ക്ക് വിതരണകേന്ദ്രത്തില്‍ നിന്നും എത്ര കിലോമീറ്റര്‍ ദൂരമാണുള്ളതെന്നും അറിയിക്കാമോ; | (സി) | കോഴിക്കോട് ജില്ലയില്‍ പുതിയാപ്പയിലും, മലപ്പുറം ജില്ലയില്‍ പൊന്നാനിയിലും മത്സ്യസംഭരണ കേന്ദ്രങ്ങള്‍ പ്രവര്‍ത്തിക്കുന്നു. നിലമ്പൂര്‍ നഗരത്തില്‍ നിന്ന് പൊന്നാനി സംഭരണ കേന്ദ്രത്തിലേയ്ക്ക് 90 കിലോമീറ്ററും, പുതിയാപ്പ സംഭരണ കേന്ദ്രത്തിലേയ്ക്ക് 77 കിലോമീറ്ററും ദൂരമാണുള്ളത്. |
| (ഡി) | മത്സ്യഫെഡിന്റെ ഫിഷ് മാര്‍ട്ടുകള്‍ ആര്‍ക്കൊക്കെയാണ് അനുവദിക്കുക എന്നും ഇതിനായുള്ള നടപടിക്രമങ്ങളും സജ്ജീകരണങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; സ്വകാര്യ വ്യക്തികള്‍ക്ക് നടത്തിപ്പ് ചുമതല നല്‍കി ഫിഷ് | (ഡി) | മത്സ്യഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഫിഷ് മാര്‍ട്ടുകള്‍ കൂടാതെ സഹകരണ വകുപ്പിന്റെ കീഴിലുള്ള സഹകരണ ബാങ്ക്/സംഘങ്ങളുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തില്‍ മത്സ്യഫെഡ് ഫ്രാഞ്ചൈസി മാര്‍ട്ടുകളും പ്രവര്‍ത്തിക്കുന്നുണ്ട്. ഫ്രാഞ്ചൈസി ഫിഷ്മാര്‍ട്ടുകള്‍ തുടങ്ങുന്നതിന് |

| | | | |
|---|---|---|---|
| | മാർട്ട് അനുവദിക്കാനാവുമോ എന്നും അറിയിക്കാമോ? | | സഹകരണ വകുപ്പിന്റെ ശുപാർശയോടുകൂടിയുള്ള അപേക്ഷകൾ ലഭ്യമാക്കി പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനമെടുത്ത് മത്സ്യഫെഡ് ജില്ല ഓഫീസുകൾ/ യൂണിറ്റുകൾ മുഖേന നടപടികൾ സ്വീകരിക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് നിലവിൽ അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ